കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തരിയോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി1-855/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് , കൽപ്പറ്റ.
തിയ്യതി: 10/12/2018

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് , കൽപ്പറ്റ.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

തരിയോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-6, 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി .പി1-855 /2018

തിയ്യതി:10/12/2018

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 11.07.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.പി.എസ്.വസന്ത<br><br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.08.2018 മുതൽ 08/08/2018 വരെ<br>11/08/2018 മുതൽ 17.08.2018 വരെ<br>24.09.2018 മുതൽ 25.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഒ.കെ.അഗസ്റ്റ്യൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീ.പി.ഷാജി | സീനിർ ഗ്രേഡ് ഓഡിറ്റർ |

| | | | |
|---|---|---|---|
| | | ശ്രീ.പി.ജയൻ | ഓഡിറ്റർ |
| | | ശ്രീമതി.ഇന്ദു.കെ.നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | റീന സുനിൽ | 01.04.2017 മുതൽ<br><br>31.03.2018 വരെ |
| | | |
| സെക്രട്ടറി | ശ്രീ സിബി വർഗ്ഗീസ് | 01.04.2017 മുതൽ 18.07.2017 വരെ |
| | ശ്രീമതി ഇന്ദിര പി. കെ | 19.07.2017 മുതൽ<br><br>31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
| ടി. ഇ. ഒ | ശ്രീമതി ശ്രീകല ടി. പി | 01.04.2017 മുതൽ<br><br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ ഈശ്വരപ്രസാദ് | 01.04.2017 മുതൽ<br><br>31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ജയേഷ് | 01.04.2017 മുതൽ<br><br>26.04.2017 വരെ |
| | ശ്രീ മുഹമ്മദ്കുട്ടി | 26.04.2017 മുതൽ<br><br>31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ഫിലോമിന ജോസ് | 01.04.2017 മുതൽ 31.08.2017 വരെ |
| | ശ്രീമതി ഉഷ കെ.കെ | 01.09.2017 മുതൽ<br><br>31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | ഡോ. വിജേഷ് എം. വി | 01.04.2017 മുതൽ 31.08.2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. നർഗ്ഗീസ് പി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ. ബേബി രസ്ന | 01.04.2017 മുതൽ 31.01.2018 വരെ |

| | | |
|---|---|---|
| | ഡോ. സന്ധ്യ എസ് | 01.02.2018 മുതൽ<br><br>31.03.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി സിൽവിയ വി. എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ വിനോദ്കെ.എൻ. | 01/04/2017 മുതൽ 31/04/2017 വരെ |
| | ശ്രീ ശ്രീരത്നം | 01.05.2017 മുതൽ 11.09.2017 വരെ |
| | ശ്രീ ഷിനോജ് ടി. വി | 12.09.2017 മുതൽ<br><br>31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ നൗഫൽ | 01.04.2017 മുതൽ<br><br>06.02.2018 വരെ |
| | ശ്രീമതി അർഷിദ പി | 01.04.2017 മുതൽ<br><br>24.07.2018 വരെ |
| | ശ്രീമതി റോഷ്നി . എ. വി | 24.07.2017 മുതൽ<br><br>31.07.2017 വരെ |
| | ശ്രീമതി ഫ്ലോറി പി. സി | 11.09.2017 മുതൽ<br><br>31.03.2018 വരെ |
| ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ | ശ്രീമതി ശ്രീകല ടി. പി | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |

| | | | |
|---|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് അനുമതി ഇല്ലാതെ ടൂറിസം ഡിപ്പാർട്ട്മെന്റ് കെട്ടിടം നിർമ്മിച്ച് പാട്ടത്തിന് നൽകി | 2-1 | |
| 14 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 2-2 | |
| 15 | റിസോർട്ടുകളുടെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ | 2-3 | |
| 16 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, ഹോംസ്റ്റേകൾ തുടങ്ങിയവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില് | 2-4 | |
| 17 | തൊഴിൽ നികുതി - രജിസ്റ്ററുകൾ പൂർണ്ണമല്ല | 2-5 | |
| | ഭാഗം - 3 | | |
| 18 | പഞ്ചായത്ത് ഓഫീസിലേയ്ക്കും ഘടക സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയവ പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല. | 3-1 | |
| 19 | സർക്കാർ ഓഫീസുകളുടെ അറ്റകുറ്റപ്പണി- സർക്കുലർ നിർദ്ദേശം പാലിക്കാതെ ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്ക | 3-2 | |
| 20 | ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഗുണമേൻമയില്ലാത്ത തെരുവ് വിളക്കുകൾ സ്ഥാപിച്ചു | 3-3 | |
| 21 | വെള്ളക്കരം കുടിശ്ശിക അടവാക്കൽ -സംയുക്ത പരിശോധന നടത്തിയില്ല | 3-4 | |
| 22 | ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശ പ്രകാരമല്ല പ്രവർത്തനങ്ങൾ | 3-5 | |
| 23 | ഐ.സി.ഡി.എസ് നടപ്പിലാക്കുന്ന പോഷകാഹാര വിതരണ പദ്ധതികൾ - മതിയായ കേന്ദ്രവിഹിതം ലഭിച്ചില്ല , ലഭിച്ച തുക വർഷങ്ങളായി ചെലവഴിച്ചില്ല. | 3-6 | |
| 24 | പുനർജനി സമഗ്ര വയോജന പരിപാടി നടത്തിപ്പിലെ അപാകങ്ങൾ | 3-7 | |
| 25 | പട്ടിക വർഗ്ഗ യുവജനങ്ങൾക്ക് ടൂ വീലർ നൽകൽ- സബ്സിഡി അധിക നിരക്കിൽ നൽകി | 3-8 | |

| | | | |
|---|---|---|---|
| 26 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കുട,ബാഗ് - ജി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ഈയിനത്തിൽ തുക നൽകി. | 3-9 | |
| 27 | ഐ.എ.വൈ -പട്ടിക വർഗ്ഗ ഭവനങ്ങളുടെ നിർമ്മാണം-ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കൽ-ഗുണഭോക്താക്കളില്ലാതെ വിഹിതം നൽകി | 3-10 | |
| 28 | പട്ടിക വർഗ്ഗ ഭവനങ്ങൾ വാസയോഗ്യമാക്കൽ - ഗുണഭോക്തൃ തിരഞ്ഞെടുപ്പ് ചട്ടപ്രകാരമല്ല | 3-11 | |
| 29 | മെഡിക്കൽ ഓഫീസർ ( സി.എച്ച്.സി) നടപ്പാക്കിയ പദ്ധതികൾ | 3-12 | |
| 30 | മരുന്ന് ലഭ്യമായില്ല | 3-13 | |
| 31 | ഹരിത കർമ്മസേന പ്രവർത്തനങ്ങൾ -പ്ളാസ്ററിക് ശേഖരണം തുടങ്ങിയില്ല | 3-14 | |
| 32 | സർവ്വശിക്ഷാ അഭിയാൻ വിഹിതം നല്കിയത് - വിശദവിവരങ്ങൾ ലഭ്യമല്ല. | 3-15 | |
| 33 | കുടിവെള്ള പദ്ധതികൾ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. | 3-16 | |
| 34 | ഒരേ ഇനം പ്രവൃത്തികൾക്ക് പ്രൈസ് , സെക്വയർ സോഫ്റ്റ് വെയറുകളിൽ വ്യത്യസ്ത നിരക്കുകൾ | 3-17 | |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് - മെറ്റീരിയൽ വാങ്ങലുകൾക്ക് സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-18 | |
| 36 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ വിവരം വാങ്ങിയില്ല | 3-19 | |
| | ഭാഗം 4 | | |
| 37 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 38 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 40 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 41 | സ്ഥിര നിക്ഷേപം4 | 4-5 | |
| 42 | ഓഡിറ്റ് റിക്കവറി | 4-6 | |
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 45-8 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 07.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.06.2018 & 19.06.2018 | കെ. എസ്. ഡബ്ല്യൂ. വൈ. ഡി. പി1-521/18 തീ. 26.06.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 1,73,69,530/- |
| വരവ് | ₹ 4,78,75,363/- |
| ആകെ | ₹ 6,52,44,893/- |
| ചെലവ് | ₹ 4,50,44,804/- |
| നീക്കിയിരിപ്പ് | ₹ 2,02,00,089/- |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | 0 | 10925000 | 10925000 | 10662500 | 262500 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 479707 | 479707 | 360000 | 119707 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 8149333 | 8149333 | 4666339 | 3482904 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5175000 | 5175000 | 3812735 | 1362265 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3077456 | 3077456 | 2917514 | 159942 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6144086 | 6144086 | 4815393 | 1328693 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 2635698 | 2635698 | 1799297 | 836401 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 998135 | 4308000 | 5306135 | 4886868 | 419267 |
| ബി ഫണ്ട് | 0 | 143880 | 143880 | 143880 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| (എണ്ണം) | | (എണ്ണം) | | യത്<br>(എണ്ണം) | (എണ്ണം) | ശതമാനം |
| 129 | 53764254 | 101 | 31767662 | 25 | 3 | 78.29 |

# 1-7 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 52548 | 1086689 | 1139237 | 626326 | 512911 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 19385326 | 19385326 | 19385326 | |

വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ ആകെ ചെലവ് 2,62,49,679/- രൂപയാണ്. ഹാജരാക്കിയ രേഖകൾ പ്രകാരം 2,04,72,015/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

# 1-8 <u>ക്ഷേമ പദ്ധതികൾ</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11880 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 2952300 | 250 |
| വിധവാപെൻഷൻ | 4185800 | 355 |
| വാർദ്ധക്യകാലപെൻഷൻ | 7165800 | 602 |
| വികലാംഗപെൻഷൻ | 1257600 | 110 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2018-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23782( ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട്) രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

തരിയോട് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള വിവിധ രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി , വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകൾ - കരട് പദ്ധതി നിർദ്ദേശങ്ങളുടെ വിശദമായ ചർച്ച മിനിട്ട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവയ്ക്ക് ആധാരമായ രേഖകൾ ഫയലായി സൂക്ഷിച്ചിട്ടില്ല.കരട് പദ്ധതി നിർദ്ദേശങ്ങൾ ഫോറം - 1 ൽ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്താതിരിക്കുകയും/ വിപുലമായി രേഖപ്പെടുത്താതിരിക്കുകയും ചെയ്യുന്നു.
2. പൊതുമാരമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി സമർപ്പിച്ച നിർദ്ദേശങ്ങൾ ഫയലായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരട് സ്റ്റാറ്റസ് റിപ്പോർട്ട് പോലും തയ്യാറാക്കിയിട്ടില്ല.
3. കുറിപ്പ് ഫയൽ സൂക്ഷിക്കുന്നില്ല. ഫയൽ പേജ് നമ്പർ ഇട്ട് ക്രമമായി അടുക്കി സൂക്ഷിക്കുന്നതിൽ വിഴ്ചയുണ്ട്.
4. .ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ രജിസ്റ്ററുകൾ പൂർത്തീകരിച്ചിട്ടില്ല.
5. ജീവനക്കാരുടെ 2017-18 ലെ ആന്റിസിപ്പേറ്ററി ഇൻകം കണക്കാക്കി ഇതിൽ നിന്നും പ്രതിമാസ ഗഡുക്കളായി ആദായനികുതി കണക്കാക്കി ഈടാക്കിയിട്ടില്ല. വർഷാവസാനം ഒറ്റ ഗഡുവായി നികുതി ഒടുക്കുകയാണ്, ഏതാനം ആളുകളുടേതൊഴികെ, ചെയ്തിട്ടുള്ളത്. രേഖകൾ ശരിയായവിധം സൂക്ഷിക്കാത്തതിനാൽ തയ്യാറാക്കിയ കണക്കുകൾ തന്നെ കൃത്യമാണോയെന്ന് തിട്ടപ്പെടുത്താനാകുന്നില്ല. രേഖകൾ പുനപരിശോധിച്ച് നികുതി കൃത്യമായി

കണക്കാക്കി അടച്ച എന്നുറപ്പാക്കേണ്ടതാണ്. പ്രധാന രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/17-18/24/09/2018) മറുപടി നൽകിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.06.2018 മുതൽ 08.06.2018 വരെ | 2017-18 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.04.2010മുതൽ 07.05.2010വരെ | 2005-2006 മുതൽ 2009-10 വരെ | 09.06.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിലെ അപാകതകൾ അനുബന്ധം-2 ൽ ചേർത്തിട്ടുണ്ട്. അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലത്ത് അനുമതി ഇല്ലാതെ ടൂറിസം ഡിപ്പാർട്ട്മെന്റ് കെട്ടിടം നിർമ്മിച്ച് പാട്ടത്തിന് നൽകി

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 178 പ്രകാരം പഞ്ചായത്തുകൾക്കാവശ്യമായ സ്ഥാവര സ്വത്തുക്കൾ ആർജ്ജിക്കാവുന്നതും 2005 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് ( വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും ) ചട്ടങ്ങളിലെ ചട്ടം പ്രകാരം സർക്കാറിന്റെ മുൻകൂർ അനുമതിയോടു കൂടി വിൽപ്പന നടത്താവുന്നതാണ് .

കർളാട് തടാകത്തിന് സമീപത്ത് 1992 ൽ 1,08,300 രൂപക്ക് ഒരു ഏക്കർ 14 സെന്റ് സ്ഥലവും 1995 ൽ 3,87,500 രൂപക്ക് 2 ഏക്കർ 50 സെന്റ് സ്ഥലവും പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയുടെ 31.7.1999 ലെ 229 -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലം വയനാട് ടൂറിസം ഡിപ്പാർട്ട്മെന്റിന് കൈമാറാൻ തീരുമാനിച്ചു. എന്നാൽ സ്ഥലം ഡി.ടി.പി.സി ക്ക്

നിയമപരമായി കൈമാറിയതിന്റെ രേഖകൾ (ലീസ് , കരാർ മുഖേന ) ഫയലിൽ ഇല്ല. പ്രസ്തുത സ്ഥലത്ത് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ ടൂറിസം ഡിപ്പാർട്ട്മെന്റ് 10 സ്വിസ് കോട്ടേജുകളും , നാല് മൺകുടിലുകളും , ഒരു റൂഫ് ടോപ്പ് റസ്റ്റോറന്റും പണിയുകയും കെട്ടിടങ്ങൾ ശ്രീ . ശ്രീധരൻ എന്നയാൾക്ക് പ്രതിമാസം 64,000/- രൂപയ്ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. മേൽ സൂചിപ്പിച്ച റസ്റ്റോറന്റിനും, മറ്റ് സ്ഥാപനങ്ങളും നടത്തുന്നതിന് ലൈസൻസ് നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ.ശ്രീധരൻ അപേക്ഷ നൽകിയെങ്കിലു ( എ5-3865/1തീ.16.8.18, എ5-3922/1തീ.19.8.18) കെട്ടിട നമ്പർ ഇല്ലാത്തതിനാൽ ലൈസൻസ് അനുവദിക്കാൻ നിർവാഹമില്ലെന്ന് സെക്രട്ടറി മറുപടി നൽകി (നം.എ5-3865/17 തീ.11.09.2017 -ാം നമ്പർ കത്ത്). തുടർന്ന് വയനാട് ജില്ലാ ടൂറിസം ഡിപ്പാർട്ട്മെന്റ് മെമ്പർ സെക്രട്ടറി മേൽ കെട്ടിടങ്ങൾക്ക് അടിയന്തിരമായി കെട്ടിട നമ്പർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും (കത്ത് നം. ടി 2-1098/2017/ ഡി.ടി.പി.സി തീ.20.10.2017) ഭരണസമിതിയുടെ 16 /11/17 ലെ യോഗത്തിൽ പഞ്ചായത്ത് വില കൊടുത്ത് വാങ്ങി നാളിതു വരെ നികുതി അടച്ച വരുന്നതുമായ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 2011 ലെ (കേ.പ.രാ. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം) നിയമാനുസൃതം പഞ്ചായത്തിന്റെ അനുമതി വാങ്ങാതെ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നമ്പർ നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു ( 3/1 -ാം നമ്പർ തീരുമാനം ). പ്രസ്തുത തീരുമാനത്തിനെതിരായി ശ്രീ.ശ്രീധരൻ പഞ്ചായത്തിനെയും, പഞ്ചായത്ത് സെക്രട്ടറിയെയും, ടൂറിസം ഡിപ്പാർട്ട്മെന്റിനെയും പ്രതി ചേർത്ത് WP(C) 35789-ാം നമ്പറായി ബഹു. കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഭരണസമിതിയുടെ 31.7.1999 ലെ 229 -ാം നമ്പർ തീരുമാനത്തിൽ ഡി.ടി.പി.സി. സമർപ്പിച്ച അപേക്ഷ കത്തുകളുടെ അടിസ്ഥാനത്തിലാണ് (കത്ത് നം.ടി3-.452/96 /ഡി.ടി.പി.സി തീ.30.6.1999, കത്ത് നം. ടി3-.452/96/ഡി.ടി.പി.സി തീ.21.07.1999, 2.06.1999 ലെ 24-ാം നമ്പർ തീരുമാനം) കർളാട് തടാകത്തിന് സമീപത്തുള്ള സ്ഥലം ടൂറിസം ഡിപ്പാർട്ട്മെന്റിന് കൈമാറാൻ തീരുമാനിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രേഖകൾ , സ്ഥലം ഡി.ടി.പി.സി ക്ക് നിയമപരമായി കൈമാറിയിട്ടുണ്ടെങ്കിൽ അതിന്റെ രേഖകൾ ( സർക്കാർ അനുമതി ലഭിച്ചതിന്റെ വിവരം , കരാർ ഒപ്പു വെച്ചതിന്റെ വിശദാംശങ്ങൾ ), സ്ഥലം ഡി.ടി.പി.സി ക്ക് നിയമപരമായി കൈമാറാതെയാണ് മേൽ പ്രകാരമുള്ള കെട്ടിടങ്ങളും സ്ട്രക്ചറുകളും നിർമ്മിക്കപ്പെട്ടിട്ടുള്ളതെങ്കിൽ ഇതിൽ പഞ്ചായത്ത് നിയമപരമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ, കേസ്സിന്റെ നിലവിലെ അവസ്ഥ , ഈ വിഷയത്തിൽ നിലവിൽ ഭരണസമിതിയുടെ തീരുമാനം , അതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 8/ 17-18/17.8.2018 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച സ്ഥലത്തോട് ചേർന്ന് വാങ്ങിയ റീ സർവേ നം 266/4 ൽ പെട്ട അര ഏക്കർ സ്ഥലവും, 266/3 ൽ പെട്ട ഒരു ഏക്കർ 10 സെന്റ് സ്ഥലവും 2000 ൽ പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 24.09.2018 ന് നടത്തിയ സ്ഥല പരിശോധനയിൽ ടി സ്ഥലം ഡി.റ്റി. പി. സി പഞ്ചായത്തിന്റെ അനുമതിയില്ലാതെ കമ്പിവേലിയിട്ടിട്ടുള്ളതായി കണ്ടു. 25.09.2018 ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് ടി. റ്റി. പി. സി ക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് സ്വീകരിച്ച നിയമ നടപടി പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ ഖണ്ഡികകളിൽ ആവശ്യപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും, ടി വിഷയത്തിൽ ഭരണസമിതി/പഞ്ചായത്ത് കൈകൊണ്ട നടപടികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്. തനതു വരുമാനം വളരെ കുറഞ്ഞ പഞ്ചായത്തായതിനാൽ ധനനഷ്ടം വരാത്ത രീതിയിൽ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-2 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത് രാജ് ( വസ്തു നികുതിയും സർചാർജ്ജും )ചട്ടങ്ങളിൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത് ( പ്രകാരം 3(5) , ചട്ടം 4 (1) എന്നിവ കാണുക). എന്നാൽ പഞ്ചായത്തിലെ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണത്തിനു പകരം ഓരോ റൂമുകളുടെയും വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് സംഭവിക്കുന്നു.

തരിയോട് ഗ്രാമപഞ്ചായത്തിന്റെ 16.2.2012 ലെ 224/12 നമ്പർ തീരുമാന പ്രകാരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇതു കാരണം എല്ലാ വാണിജ്യ കെട്ടിടങ്ങൾക്കും 100

ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കുന്നുള്ളൂ. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു ( സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം -6 പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങളാണ് താഴെ കൊടുക്കുന്നത് ) .

( മേൽ ചട്ട പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ് .

വാർഷിക വസ്തുനികുതി = കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം * അടിസ്ഥാന വസ്തുനികുതി നിരക്ക്+

വസ്തുനികുതിയിലെ വർദ്ധനവ് - വസ്തുനികുതിയിലെ ഇളവ് . )

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം / തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | സീമ | 8/83 A- D , 105.45ച.മീ<br>ത്രിതീയ മേഖല, 5 മീ റോഡ് | BT = 4218<br>LC= 212<br>ആകെ = 4430 | BT =105.45*60 + 20% വർദ്ധനവ് - 20 % ഇളവ് =<br>6327<br>LC = 317<br>ആകെ = 6644 | 2214 |
| 2 | നെടുമ്പ്രൻ ആയിഷ , | 6/201C-I , 175.89ച.മീ<br>ദ്വിതീയ മേഖല , വഴി സൗകര്യം - 5 മീ റോഡ് , | BT = 7662<br>LC= 386<br>ആകെ = 8048 | BT =175.89*60 + 20% വർദ്ധനവ് - 10 % ഇളവ് =<br>11609<br>LC = 581<br>ആകെ = 12190 | 4142 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3 | വികാർ , ലൂർദ്ദ് മാതാ പള്ളി, കാവുംമന്ദം | 9/190T-V , 172.92ച.മീ പ്രാഥമിക മേഖല , വഴി സൗകര്യം - 5 മീ റോഡ് | BT= 8303 LC= 417 ആകെ = 8720 | BT =172.92*60 + 20% വർദ്ധനവ് = 12450 LC = 623 ആകെ = 13073 | 4353 |

ക്രമ നമ്പർ 3 ൽ 135.96 ച. മീ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള റൂമിന് 190U കെട്ടിട നമ്പർ നൽകി 6527രൂപ ( അടിസ്ഥാന വസ്തു നികുതി 40 രൂപ/ച.മീ നിരക്കിൽ ) വാർഷിക വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിരുന്നു( രസീതി നം . 1170-630/03.08.2017) . യഥാർത്ഥത്തിൽ 190U കെട്ടിടത്തിന് 60 രൂപ/ ച. മീ നിരക്കിൽ 8322 രൂപ ഈടാക്കേണ്ടതായിരുന്നു. കെട്ടിട ഉടമയുടെ (എ4-3618/3.8.2017 ) അപേക്ഷ പ്രകാരം പ്രസ്തുത റൂം 67.98 ച.മീ വിസ്തീർണ്ണമുള്ള രണ്ട് റൂമുകളായി തിരിച്ച് (അടിസ്ഥാന വസ്തു നികുതി 40 രൂപ/ച.മീ നിരക്കിൽ ) ഒരോന്നിനും 3264 രൂപ വാർഷിക വസ്തു നികുതി നിർണ്ണയിക്കുകയാണ് ചെയ്തിട്ടുള്ളത് .

ഇത്തരത്തിൽ ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16/17-18/2409/2018 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ് .

## 2-3 റിസോർട്ടുകളുടെ നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

പഞ്ചായത്തിൽ 2017-18 ൽ നിർമ്മാണം പൂർത്തീകരിച്ച റിസോർട്ടുകളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

A)ശ്രീമതി ജയ ബെന്നി എന്നവരുടെ ഉടമസ്ഥതയിലുള്ള 111/2, 111/9, 105/2 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങളുടെ ക്രമവൽക്കരണം.

1)2011 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കെട്ടിട നിർമ്മാണം

ക്രമവത്കരിക്കുന്നതിനുള്ള അപേക്ഷയുടെ നടപടി ക്രമങ്ങൾ ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതു പോലെ തന്നെയാണ്( ചട്ടം 135 കാണുക ) . എന്നാൽ സമർപ്പിച്ച അപേക്ഷയോടൊപ്പം സർവീസ് പ്ലാൻ , പാർക്കിംഗ് പ്ലാൻ എന്നിവ സമർപ്പിച്ചിട്ടില്ല. ഇവ സമർപ്പിക്കാതെ കെട്ടിട നിർമ്മാണം ക്രമവൽക്കരിച്ചു നൽകിയിട്ടുണ്ട്.

2)2.2.2015 ൽ സമർപ്പിച്ച അപേക്ഷയിൽ അപാകതകൾ ഉള്ളതിനാൽ പ്ലാൻ പുനർ സമർപ്പിക്കാൻ ആവശ്യപ്പെട്ടെങ്കിലും (എ4-418/15/24.8.2015) ആയത് സമർപ്പിക്കാത്തതിനാൽ അനധികൃതമായി നിർമ്മിച്ച കെട്ടിടമായി കണക്കാക്കി നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (എ4-418/15 /3.1.2017) . ടി കെട്ടിടങ്ങൾക്ക് UA നമ്പർ നൽകുകയോ, കെട്ടിട നിർമ്മാണം നിർത്തിവെയ്ക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്തതായുള്ള വിവരങ്ങൾ കുറിപ്പ് ഫയലിൽ ലഭ്യമല്ല. തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണവും നൽകേണ്ടതാണ്.

3)ക്രമവൽക്കരണത്തിന് അപേക്ഷാ ഫീസും , രാജിയാക്കൽ ഫീസും ഈടാക്കേണ്ടതാണ്( ചട്ടം 136, 137(4) എന്നിവ കാണുക ) . ഇവ ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഉണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

4) 2011 ലെ കേ .പ .രാജ് ( വസ്തു നികുതിയും--- സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറ വിസ്തീർണ്ണം ആനുപാതികമായി മറ്റ് ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിച്ചേർത്ത് ആ ഭാഗങ്ങളുടെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് (ചട്ടം 3(4)). കംപ്ലീഷൻ പ്ലാൻ പ്രകാരം മൂന്ന് നിലകളിലായി നിർമ്മാണം പൂർത്തിയായ ( 24 റൂമുകൾ ) കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 701.85 ച.മീ ആണ്. എന്നാൽ 280A-Z ( J,K,Q,T എന്നിവ ഒഴികെ ), 281A,B എന്നീ നമ്പറുകൾ നൽകിയ24 റൂമുകളുടെ ആകെ വിസ്തീർണ്ണം ( സഞ്ചയ സോഫ്റ്റ്‌വെയർ ഫോം-6 പ്രകാരം ) 438.36 ച.മീ ആണ്. പൊതു ഉപയോഗത്തിനായി നീക്കിവച്ചിട്ടുള്ള പാസ്സേജുകൾ , സ്റ്റെയർകേസ് എന്നിവയുടെ വിസ്തീർണ്ണം ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 701.85 ച. മീ , ദ്വിതീയ മേഖല , 5 മീ റോഡ് |
| നിർണ്ണയിക്കേണ്ട വാർഷിക വസ്തു നികുതി ( 701.85X90 + 20% വർദ്ധവ് - 10% കുറവ് ) | 69483/- രൂപ |

| | |
|---|---|
| ലൈബ്രറി സെസ്സ് | 3474/- രൂപ |
| ആകെ | 72957/- രൂപ |
| നിർണ്ണയിച്ച നികുതി വാർഷിക വസ്തു നികുതി (സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം -6 പ്രകാരം) | 47361/- രൂപ |
| ലൈബ്രറി സെസ്സ് | 2378/- രൂപ |
| ആകെ | 49739/- രൂപ |
| വ്യത്യാസം | 23218/- രൂപ |

ചട്ട വിരുദ്ധമായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

B)ശ്രീ അജിഷ് പി. എഫ് എന്നവരുടെ ഉടമസ്ഥതയിലുള്ള പെറ്റൽസ് റിസോർട്ടിന്റെ നിലവിലുള്ള 775.86 ച.മീ റിസോർട്ടിനോട് ചേർന്ന് 3079.67ച.മീ വിസ്തീർണ്ണമുള്ള റിസോർട്ട് നിർമ്മിക്കുന്നതിന് എ4-2221/17 തീ .20.6.2017 നമ്പറായി പെർമിറ്റ് ( കൈവശഗണം- റിസോർട്ട് കോട്ടേജ് ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത പെർമിറ്റിൽ നിർമ്മാണം പൂർത്തിയായ സ്പാ യൂണിറ്റ് ( 133.62 ച. മീ ) , ആക്ടിവിക്ടി ബ്ലോക്ക് ( 96.31 ച.മീ ) , വാച്ച് മാൻ ക്യാബിൻ ( 7.07 ച. മീ ) എന്നിവയ്ക്ക് യഥാക്രമം 13/87J , 87K , 87L എന്നീ നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു .

തരിയോട് ഗ്രാമപഞ്ചായത്തിന്റെ 16.2.2012 ലെ 224/12 നമ്പർ തീരുമാന പ്രകാരം റിസോർട്ടുകൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് 90 രൂപയായി അംഗീകരിച്ചിട്ടുണ്ട് . എന്നാൽ റിസോർട്ടിലെ ആക്ടിവിക്ടി ബ്ലോക്കിന് 30 രൂപ നിരക്കിലും , വാച്ച് മാൻ ക്യാബിനിന് 40 രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് വസ്തു നികുതിയിനത്തിൽ താഴെ പറയുന്ന തരത്തിൽ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | 187.26 ച. മീ , ദ്വിതീയ മേഖല , 5 മീ റോഡ് |
| നിർണ്ണയിക്കേണ്ട വാർഷിക വസ്തു നികുതി<br>( 187.26X90 + 20% വർദ്ധവ് - 10% കുറവ് | 18539/- രൂപ |
| ലൈബ്രറി സെസ്സ് | 927 |
| ആകെ | 19466 |

| | |
|---|---|
| നിർണ്ണയിച്ച നികുതി വാർഷിക വസ്തു നികുതി<br>(സഞ്ചയ സോഫ്റ്റ്വെയർ ഫോറം -6 പ്രകാരം) | 6180 |
| ലൈബ്രറി സെസ്സ് | 309 |
| ആകെ | 6489 |
| വ്യത്യാസം | 12977 |

ചട്ടവിരുദ്ധമായി നികുതി ഈടാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (17 /2017-18/24.09.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൻെറ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 2-4 ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, ഹോംസ്റ്റേകൾ തുടങ്ങിയവയ്ക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടില്ല

സ.ഉ(അ)നം.36/2015/തസ്വഭവ തിയ്യതി 24/02/15 പ്രകാരം സ്വകാര്യഹോസ്റ്റൽ, ഹോംസ്റ്റേ എന്നിവയ്ക്ക് യഥാക്രമം 30/- രൂപയും, 60/- രൂപയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോംമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം,കാന്റീൻ,വർക്ക് ഷോപ്പ് എന്നിവയ്ക്ക് യഥാക്രമം 3/- രൂപയും, 6/- രൂപയും മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർ പ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്ക് യഥാക്രമം 15/- രൂപയും, 25/- രൂപയും ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് യഥാക്രമം 150/- രൂപയും, 160 /- രൂപയുമാണ് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്കായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

1) സിൽവർ കാസിൽ, പെറ്റൽസ് എന്നീ റിസോർട്ടുകളിലെ യഥാക്രമം 701.95ച.മീ,133.62ച.മീ. വിസ്തീർണ്ണമുള്ള സ്പാ കെട്ടിടങ്ങൾക്ക് 2017-18 വർഷത്തിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്യാത്തതിനാൽ റിസോട്ട് നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് . ഇത് പഞ്ചായത്തിന്റെ നികുതിയിനത്തിൽ വരുമാന

നഷ്ടത്തിനിടയാക്കുന്നുണ്ട്. ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ അടിസ്ഥാനവസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2)പഞ്ചായത്ത് പരിധിയിലുള്ള ഹോംസ്റ്റേകൾക്ക് 30/- രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി ഈടാക്കുന്നുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 18/2017-18/24.09.2018 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അടിസ്ഥാന വസ്തുനികുതി നിരക്ക് വിജ്ഞാപനം ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് നല്കേണ്ടതാണ് .

## 2-5 തൊഴിൽ നികുതി - രജിസ്റ്ററുകൾ പൂർണ്ണമല്ല

2017-18 ഓഡിറ്റിന്റെ ഭാഗമായി തൊഴിൽ നികുതി പിരിവ് പരിശോധിക്കുന്നതിന് താഴെ പറയുന്ന രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

1)സംക്ഷിപ്തം എഴുതി തയ്യാറാക്കിയ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ.

2)ട്രേഡേഴ്സ് ഡിമാന്റ് രജിസ്റ്റർ , സംക്ഷിപ്തം എഴുതി തയ്യാറാക്കിയ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ ഹാജരാക്കേണ്ടതാണ്.

1)പോസ്റ്റ് ഓഫീസ് , ചെന്നലോട്

2)സീഗോട്ട് റിസോർട്ട്

3) പെറ്റൽസ് റിസോർട്ട്

4)ടെക്സോൾ എനർജി പ്രൈവറ്റ് ലി. കർളാട്

5)മെന്റൽ ഹെൽത്ത് ഡേ കെയർ സെന്റർ

മേൽ സൂചിപ്പിച്ച രജിസ്റ്ററുകൾ / രേഖകൾ എന്നിവ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/2017-18/24.09.2018) മറുപടി നൽകിയിട്ടില്ല . രജിസ്റ്ററുകൾ പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും , മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഓഫീസിലേയ്ക്കും ഘടക സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയവ പൂർണ്ണമായും ഉപയോഗപ്പെടുത്തിയില്ല.

| |
|---|
| പ്രോജക്റ്റ് നം. 90/17-18 - പഞ്ചായത്ത് ഓഫീസിലേയ്ക്കും ഘടക സ്ഥാപനങ്ങളിലേയ്ക്കും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി |
| അടങ്കൽ<br>വികസന ഫണ്ട് ജനറൽ – ₹ 602400/- |
| ബിൽനം. 22/17-18 തിയ്യതി 13.03.2018 – ₹ 5,85,905/- |

ഈ പദ്ധതിയിൽ പഞ്ചായത്തിലേയ്ക്കും ഘടകസ്ഥാപനങ്ങളിലേയ്ക്കുമായി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ വകയിൽ 5,85,905/- രൂപ ചെലവഴിച്ചു. പദ്ധതിയിൽ വാങ്ങിയ ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും ( സീരിയൽ നം. UXBIJSIL5010332341) എപ്സൺ പ്രിന്ററും ഐസിഡിഎസ് -ന് നല്കിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കവർ പോലും പൊട്ടിക്കാതെ സ്റ്റോർ റൂമിൽ സൂക്ഷിച്ചതായി കണ്ടു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി.നം. 3/08.08.2018/ 2017-18 ന് മറുപടിയായി നിലവിൽ ഐസിഡിഎസ് -ന് കെട്ടിടമില്ലാത്തതിനാലാണ് ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും പ്രിന്ററും ഉപയോഗപ്പെടുത്താതിരുന്നതെന്നും ആയത് എത്രയും പെട്ടെന്ന് ഉപയോഗപ്രദമാക്കുമെന്നും സെക്രട്ടറി അറിയിച്ചിട്ടുള്ളത്. അടിസ്ഥാന സൗകര്യമൊരുക്കാതെ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങിയത് ശരിയായ നടപടിയല്ല. പദ്ധതിയിൽ വാങ്ങിയവ എത്രയും പെട്ടെന്ന് ഉപയോഗപ്രദമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ വിവിധ വാങ്ങലുകളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണ്. പദ്ധതിയിൽ വാങ്ങിയവ എത്രയും പെട്ടെന്ന് ഉപയോഗപ്രദമാക്കി ഓഡിറ്റിനെ അറിയിക്കുന്നതുവരെ പദ്ധതിയിൽ ചെലവഴിച്ച 5,85,905/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-2 സർക്കാർ ഓഫീസുകളുടെ അറ്റകുറ്റപ്പണി- ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കി.

ഗ്രാമപഞ്ചായത്തിലെ തരിയോട് മൃഗാശുപത്രി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവയുടെ അറ്റകുറ്റപ്പണിക്കായി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 13(2) പ്രകാരം ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ആ പ്രദേശത്തെ ഗുണഭോക്താക്കളെ കൺവീനർ/ചെയർമാൻ ആയി തെരഞ്ഞെടുത്ത് ഈ സമിതിയാണ് പദ്ധതികൾ നടപ്പാക്കേണ്ടത് .തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 13.11.2014 ലെ സർക്കുലർ നം.1/1559/2010/സി.ഇ/ത.സ്വ.ഭ.വ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാൻ പാടില്ലാത്തതാണ്. സർക്കാർ ഓഫീസുകളിലെ പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാർ മുഖേനയാണ് നടപ്പാക്കേണ്ടത്. നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നം/ തിയ്യതി |
|---|---|---|---|---|
| 1 | തരിയോട് മൃഗാശുപത്രി അറ്റകുറ്റപ്പണി - S-24/18 | 4,90,000 സംരക്ഷണ ഗ്രാന്റ്-റോഡിതരം | 4,54,670 | 3/17-18 /12.7.17 |
| 2 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അറ്റകുറ്റപ്പണി- S-26/18 | 1,00,000 സംരക്ഷണ ഗ്രാന്റ്-റോഡിതരം | 90,060 | 8/17-18 /12.7.17 |

പ്രാദേശ വാസികളായ കൺവീനർ/ചെയർമാൻ മുഖേനയാണ് മേൽ പദ്ധതികൾ നടപ്പാക്കിയത്. പൊതു ഓഫീസുകൾക്ക് പ്രാദേശിക ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ സാധ്യമല്ല.

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയതിന്റെ രേഖകൾ സഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് മറുപടി നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ്. ചെലവ് തുക 5,44,730/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-3 ഗ്രാമപഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ

## ഗുണമേൻമയില്ലാത്ത തെരുവ് വിളക്കുകൾ സ്ഥാപിച്ചു

| | |
|---|---|
| പ്രോജക്ട് നം. 132/17-18 – | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- | സെക്രട്ടറി |
| അടങ്കൽ<br><br>ധനകാര്യകമ്മീഷൻ അവാർഡ് | ₹ 2,33,337/- |
| ചെലവ് ₹ 2,20,000/- | ബിൽനം.21/17-18 തിയ്യതി 28.02.2018 |

ഈ പദ്ധതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ 80 ഇടങ്ങളിൽ (കിംഗ്സ് ലൈറ്റ്സ് & അപ്ലൈൻസസ്,ഗുഡലായ് എന്ന സ്ഥാപനം വഴി) 24 വാട്ട് എൽ.ഇ.ഡി തെരുവ് വിളക്ക്( ഓട്ടോമാറ്റിക് ) സ്ഥാപിച്ചു. ഒരു തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 2750/- രൂപ നിരക്കിൽ 2,20,000/-യാണ് ആകെ ചെലവഴിച്ചത്.

I) പദ്ധതി ആസൂത്രണം സംബന്ധിച്ച്

ഈ പദ്ധതിയുടെ രൂപീകരണം നടത്തിപ്പ് ,മോണിറ്ററിംഗ് എന്നിവ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നതായി പൊതുമരാമത്ത് ( വൈദ്യുതി ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) ഈ പദ്ധതിയിൽ സ്ഥാപിക്കപ്പെട്ട മിക്ക തെരുവ് വിളക്കുകളും പ്രവർത്തിക്കുന്നില്ലായെന്നും ആയതിനാൽ പഞ്ചായത്തിനെ വഞ്ചിച്ച കിംഗ്സ് ലൈറ്റ്സ് & അപ്ലൈൻസസ്, ഗുഡലായ് എന്ന സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുമെന്ന് കാണിച്ച് 03.05.2018ന് പഞ്ചായത്ത് എ2-1915/17 നമ്പർ പ്രകാരം കത്ത് നല്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം കേടായ തെരുവ് വിളക്കുകൾ നന്നാക്കിയിട്ടുണ്ടെന്നാണ് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി അറിയിച്ചത്. എന്നാൽ ഇതു സംബന്ധിച്ച യാതൊരു രേഖയും (വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയവ ) ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികളുടെ നടത്തിപ്പിൽ ഭരണസമിതിയും നിർവ്വഹണഉദ്യോഗസ്ഥരും കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

2) പഞ്ചായത്ത് നിലവിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുകയോ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയോ

ചെയ്തിട്ടില്ല. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക 2,20,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-4 വെള്ളക്കരം കുടിശ്ശിക അടവാക്കൽ -സംയുക്ത പരിശോധന നടത്തിയില്ല

| |
|---|
| പ്രോജക്ട് നം. 73/17-18 - വെള്ളക്കരം കുടിശ്ശിക അടവാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി |
| അടങ്കൽ<br><br>മെയിന്റിനൻസ് നോൺറോഡ് - ₹ 4,31,000/- |
| ബിൽനം. 18/17-18 തിയ്യതി 14.02.2018 ₹ 4,31,000/- |

ഈ പദ്ധതിയിൽ 04/2017മുതൽ 01/2018 വരെയുള്ള കാലയളവിൽ വെള്ളക്കരം അടവാക്കാനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 459380/- രൂപയിൽ 4,31,000/- രൂപ മെയിന്റിനൻസ് നോൺറോഡ് ഫണ്ടിൽ നിന്നും മേൽ പ്രകാരം റീക്ലപ്പ് ചെയ്തു.

I) പദ്ധതി ആസൂത്രണം സംബന്ധിച്ച്

ഈ പദ്ധതിയുടെ രൂപീകരണം ,നടത്തിപ്പ് ,മോണിറ്ററിംഗ് (എത്ര കാലത്തെ എത്ര തുക അടക്കാനുണ്ട്) എന്നിവ സംബന്ധിച്ച് യാതൊരു ചർച്ചയും നടന്നതായി കുടിവെള്ളം,ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കണമെന്ന് 06/02/2017 ന് തീരുമാനിച്ചുവെങ്കിലും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

II)പദ്ധതി നടത്തിപ്പിലെ അപാകതകൾ

1)ജി.ഒ(ആർ.ടി) 2242/2011/തസ്വഭവ തിയ്യതി 28.09.11 പ്രകാരം പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ കണക്കെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനവും കേരള ജല അതോറിറ്റിയും സംയുക്ത പരിശോധന നടത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്യാതെ എല്ലാ മാസവും 105 പൊതുടാപ്പുകൾക്കായി 45938/-രൂപ പ്രതിമാസം വെള്ളക്കരമിനത്തിൽ അടവാക്കി വരുന്നു( ഒരു ടാപ്പിന് വാർഷിക കരം-5250/- രൂപ).

2) പഞ്ചായത്ത് നിലവിൽ പൊതുടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ

പഞ്ചായത്ത് വെള്ളക്കരമടക്കുന്ന 105 ടാപ്പുകൾ ഏതൊക്കെയാണെന്നും അവ എവിടെയൊക്കെ വിന്യസിച്ചിരിക്കുന്നുവെന്നും മനസ്സിലാക്കാനാകുന്നില്ല.

പഞ്ചായത്ത് നിലവിൽ പൊതുടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും, പഞ്ചായത്തും കേരള ജലഅതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായവയുടെ കണക്കെടുക്കാത്തതിനാലും ഈ പദ്ധതിയിൽ ചെലവഴിച്ച 4,31,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശ പ്രകാരമല്ല പ്രവർത്തനങ്ങൾ

| |
|---|
| പ്രോജക്ട് നം. 144/17-18 -ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ |
| അടങ്കൽ -വികസനഫണ്ട് ജനറൽ- ₹12,00000/- |
| ചെലവ്<br>1)ബിൽനം.4/17-18 -തിയ്യതി-12.02.2018 – ₹ 5,00000/-<br>2) ബിൽനം.7/17-18 -തിയ്യതി- 28.02.2018 – ₹ 80,000/-<br>3) ബിൽനം.11/17-18 -തിയ്യതി- 21.03.2018 – ₹ 1,80,000/-<br>4) ബിൽനം.18/17-18 -തിയ്യതി- 31.03.2018 – ₹ 1,60,000/-<br>ആകെ – ₹ 9,20,000/- |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1) സ.ഉ(എം.എസ്) 196/17/തസ്വഭവ തിയ്യതി 11/10/17 ഖണ്ഡിക VII(എ),(ബി) എന്നിവ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്ത് യഥാക്രമം വാർഡ് തല കർമ്മസമിതിയും സ്ഥാപനതല കർമ്മസമിതിയും രൂപീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക IV പ്രകാരം പണി പൂർത്തീകരിക്കാത്ത മുഴുവൻ ഭവനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി അവ സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 5 അംഗ ഉപസമിതി രൂപീകരിക്കേണ്ടതാണെങ്കിലും രൂപീകരിച്ചിട്ടില്ല. ഈ പരിശോധന റിപ്പോർട്ടിൽ വാർഡ് തല കർമ്മസമിതി ഒപ്പുവെയ്ക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗനിർദ്ദേശ പ്രകാരം പണിതീരാത്ത ഭവനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കാത്തതിനാൽ ലൈഫ് മിഷന്റെ പണിതീരാത്ത വീടുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട ഒരു ഗുണഭോക്താവിന്റെയും, വീടു പണി വീണ്ടും തുടങ്ങുന്നതിനു മുൻമ്പുള്ള അവസ്ഥയെന്തായിരുന്നുവെന്നത് സംബന്ധിച്ച് ഓഡിറ്റിന് കൃത്യമായ ധാരണ നൽകുന്ന ഒരു രേഖയും ഓഡിറ്റിന് ഹാജരാക്കിയില്ല. 31.07.2017 ലെ സ.ഉ( എം.എസ്) നം. 151/2017/തസ്വഭവ ഖണ്ഡിക 5.2 പ്രകാരം പഞ്ചായത്ത് തല ഗുണഭോക്തൃ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

2) മേൽ ഉത്തരവ് ഖണ്ഡിക (1) പ്രകാരം ഗുണഭോക്താക്കൾ സ്വയം ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന സന്ദർഭങ്ങളിൽ പഞ്ചായത്ത് തല കർമ്മസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലെ അവസാന ഗഡു നൽകാവൂ. എന്നാൽ ഈ വർഷം പണി പൂർത്തീകരിച്ച രണ്ട് പേർക്ക് അവസാന ഗഡു നൽകിയത് പ്രസിഡന്റ്,ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിററി ചെയർമാൻ ,വാർഡ് മെമ്പർ എന്നിവർ അടങ്ങിയ മോണിറ്ററിംഗ് സമിതിയാണ്.

മേൽ പരാമർശിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ പദ്ധതിക്കായി ചെലഴിച്ച തുക 9,20,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 ഐ.സി.ഡി.എസ് നടപ്പിലാക്കുന്ന പോഷകാഹാര വിതരണ പദ്ധതികൾ - മതിയായ കേന്ദ്രവിഹിതം ലഭിച്ചില്ല , ലഭിച്ച തുക വർഷങ്ങളായി ചെലവഴിച്ചില്ല.

2017-18 ൽ അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം വിതരണം ചെയ്ത വകയിൽ 24,44,931/-രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഇപ്രകാരമാണ്.

1)അനുപൂരക പോഷകാഹാരം-ജനറൽ( പ്രോജക്ട് നം.63/17-18)

| ക്രമനം | ബിൽനം &തിയ്യതി | തുക |
|---|---|---|
| 1 | 1/17-18-26.08.17 | 8,17,516/- |
| 2 | 5/17-18-16.12.17 | 1,53,878/- |
| 3 | 16/17-18-24.03.18 | 5,16,293/- |
| 4 | കേന്ദ്രവിഹിതം-ചെക്ക്നം. 673480204- തിയ്യതി 01.02.18 | 4,67,760/- |

| | | |
|---|---|---|
| | ആകെ | 19,55,447/- |

2)അനുപൂരക പോഷകാഹാരം-ടി.എസ്.പി( പ്രോജക്ട് നം. 68/17-18)

| ക്രമനം | ബിൽനം &തിയ്യതി | തുക |
|---|---|---|
| 1 | 3/17-18-12.11.17 | 2,13,080/- |
| 2 | 4/17-18-16.12.2017 | 1,74,4,71/- |
| 3 | 10/17-18-31.01.18 | 68,670/- |
| 4 | 15/17-18-24.03.18 | 33,263/- |
| | ആകെ | 4,89,484/- |

ഈ പദ്ധതിയുടെ ചെലവിന്റെ 50% കേന്ദ്രവിഹിതം ലഭിക്കേണ്ടതാണ്. അതായത് 2017-18 ൽ 12,22,466/- രൂപ കേന്ദ്രവിഹിതം ലഭിക്കേണ്ടതാണ്. എന്നാൽ 2017-18 ലെ ഐ.സി.ഡി.എസ് പോഷകാഹാര വിതരണ പദ്ധതി ലെഡ്ജർ (320100121) പ്രകാരം ഈയിനത്തിൽ ലഭിച്ച കേന്ദ്രവിഹിതം 10,43,232/- രൂപയും ചെലവ് 4,67,760/- രൂപയുമാണ്.ചെലവ് പത്രിക പ്രകാരം 2012-13 മുതൽ 2016-17 വരെ അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം വിതരണം ചെയ്ത വകയിൽ ചെലവഴിച്ച ആകെ തുകയുടെയും, ലഭിക്കേണ്ട കേന്ദ്രവിഹിതത്തിന്റെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ഇപ്രകാരമാണ്.

| ക്രമനം | വർഷം | ആകെ ചെലവഴിച്ച തുക | ലഭിക്കേണ്ട കേന്ദ്രവിഹിതം( 50%) | ചെലവഴിച്ച കേന്ദ്രവിഹിതം |
|---|---|---|---|---|
| 1 | 2012-13 | 1350375 | 675188 | 0 |
| 2 | 2013-14 | 14,79,619 | 739810 | 0 |
| 3 | 2014-15 | 1740600 | 870300 | 0 |
| 4 | 2015-16 | 1671623 | 835812 | 0 |
| 5 | 2016-17 | 1723337 | 861669 | 323337 |
| | ആകെ | 79,65,554 | 39,82,779 | 3,23,337 |

അതായത് 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം എന്ന പദ്ധതിയിൽ 79,65,554/- രൂപ ആകെ ചെലവഴിച്ചതിൽ കേന്ദ്രവിഹിതമിനത്തിൽ 3,23,337/- രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി.നം. 09/

2017-18/ 17.08.2018 ന് മറുപടിയായി 2012-13 മുതൽ 2016-17 വരെയുള്ള കാലയളവിൽ കേന്ദ്രവിഹിതമിനത്തിൽ 13,85,220/- രൂപ ലഭിച്ചതായും ആയതിൽ ചെലവഴിച്ചതിൽ ബാക്കിയുള്ള തുക സെക്രട്ടറിയുടെ കെ.ജി.ബി-യിലെ 40123100104080 അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടെന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

കേന്ദ്രവിഹിതമിനത്തിൽ ലഭ്യമായ 13,85,220/- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനം | വർഷം | ചെക്ക് നം. / തിയ്യതി | തുക |
|---|---|---|---|
| 1 | 2012-13 | 217646/26.09.12 | ₹ 1,87,057 |
| 2 | 2013-14 | 946316/25.03.13 | ₹1,29,732 |
| 3 | 2013-14 | 556201/26.11.13 | ₹1,35,924 |
| 4 | 2013-14 | 556370/28.02.14 | ₹ 99,008 |
| 5 | 2013-14 | 556428/22.03.14 | ₹1,41,876 |
| 6 | 2013-14 | 556453/28.03.14 | ₹34,504 |
| 7 | 2015-16 | 629439/18.11.15 | ₹ 7,350 |
| 8 | 2015-16 | 629434/18.11.15 | ₹42,000 |
| 9 | 2015-16 | 629446/18.11.15 | ₹ 58,425 |
| 10 | 2016-17 | 629611/31.03.16 | ₹1,22,738 |
| 11 | 2016-17 | 629613/31.03.16 | ₹ 7,430 |
| 12 | 2016-17 | 629614/31.03.16 | ₹ 75,488 |
| 13 | 2016-17 | 629633/12.04.16 | ₹84,000 |
| 14 | 2016-17 | 629632/12.04.16 | ₹1,16,850 |
| 15 | 2016-17 | 4862410/24.10.16 | ₹41,063 |
| 16 | 2016-17 | 4862409/24.10.16 | ₹ 2,025 |
| 17 | 2016-17 | 4862408/24.10.16 | ₹ 99,750 |
| ആകെ- | | | ₹13,85,220 |

അതായത് 2012-13 മുതൽ 2017-18 വരെയുള്ള കാലയളവിൽ

കേന്ദ്രവിഹിതമിനത്തിൽ ലഭിക്കേണ്ട 52,05,243/- രൂപയിൽ 24,28,452 /- രൂപ മാത്രമാണ് യഥാർത്ഥത്തിൽ ലഭിച്ചിട്ടുള്ളത്. ആയതിൽ 7,91,097/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

അതായത് യഥാർത്ഥത്തിൽ ലഭിക്കേണ്ട കേന്ദ്രവിഹിതത്തിന്റെ പകുതിയോളമേ ലഭിച്ചിട്ടുള്ളൂ എന്നുമാത്രമല്ല ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കാതെ പദ്ധതി വിഹിതം ചെലവഴിക്കുകയാണുണ്ടായിട്ടുള്ളത്. ആയതിനാൽ വർഷാവർഷം അങ്കണവാടികളിലൂടെ അനുപൂരക പോഷകാഹാരം എന്ന പദ്ധതിക്ക് കേന്ദ്രവിഹിതമിനത്തിൽ ലഭിക്കേണ്ട തുക പൂർണ്ണമായും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ലഭ്യമാകുന്ന തുക ആ ആവശ്യത്തിന് പൂർണ്ണമായും വിനിയോഗിക്കുന്നുവെന്നും ഉറപ്പുവരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ നടപടിയെടുത്ത് മറുപടി ലഭ്യമാക്കുന്നതുവരെ ഈ പദ്ധതികൾക്കായി ചെലവഴിച്ച തുക 24,44,931/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-7 പുനർജനി സമഗ്ര വയോജന പരിപാടി നടത്തിപ്പിലെ അപാകങ്ങൾ

1)

| |
|---|
| പ്രോജക്ട് നം. 126/17-18- പുനർജനി സമഗ്ര വയോജന പരിപാടി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി സൂപ്പർ വൈസർ |
| അടങ്കൽ- വികസന ഫണ്ട് ജനറൽ- 7,50,000/- രൂപ |
| ചെലവ്<br><br>ബിൽനം-14/17-18 -തിയ്യതി-24.03.18- 66,230/-രൂപ<br><br>ബിൽനം-19/17-18 -തിയ്യതി-31.03.18 – 5,50,740/-രൂപ<br><br>ആകെ - 6,16,970/-രൂപ |

2)

| |
|---|
| പ്രോജക്ട് നം. 127/17-18- പുനർജനി സമഗ്ര വയോജന പരിപാടി- ടി.എസ്.പി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി സൂപ്പർ വൈസർ |
| അടങ്കൽ- ടി.എസ്.പി -7,00,000/- രൂപ |
| ചെലവ് |

| |
|---|
| ബിൽനം-12/17-18 -തിയ്യതി-21.03.18 – 5,03,720 /-രൂപ<br>ബിൽനം-13/17-18 -തിയ്യതി- 24.03. 18-50,120/-രൂപ<br>ആകെ - 5,53,840/-രൂപ |

ഈ പദ്ധതികളിൽ യഥാക്രമം ജനറൽ വിഭാഗത്തിലും പട്ടിക വർഗ്ഗ വിഭാഗത്തിലും പെടുന്ന വൃദ്ധജനങ്ങൾക്ക് കട്ടിലും പുതപ്പും ലഭ്യമാക്കലാണ് ലക്ഷ്യം

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല.

2) ആനുകൂല്യത്തിനായി ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയിലെയും കട്ടിലും പുതപ്പും കൈപ്പറ്റിയ രസീതിലെ ഒപ്പും ഒരുപോലെയല്ല.

3) പദ്ധതി നടത്തിപ്പ് വൃദ്ധൻമാരുടെയും കുട്ടികളുടെയും വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി.നം. 21/ 2017-18/ 25.09.2018 ന് മറുപടിയായി മേൽ അപാകതകൾ ഇനി ആവർത്തിക്കില്ലെന്നും മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതികളിൽ വാങ്ങിയ കട്ടിലുകളും പുതപ്പുകളും യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ ലഭിച്ചിട്ടുണ്ടെന്ന് മോണിറ്ററിംഗ് സമിതി ഉറപ്പുവരുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

